REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ-UK സ്വതന്ത്ര വ്യാപാര കരാർ, ലോകത്തിന് ഇന്ത്യയെക്കുറിച്ച് വർദ്ധിച്ചുവരുന്ന വിശ്വാസത്തിന്റെ പ്രതീകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **തമിഴ്നാട്ടിലെ അരിയലൂരിൽ ചോള ചക്രവർത്തി രാജേന്ദ്ര ചോളൻ ഒന്നാമന്റെ ജന്മവാർഷികത്തിലും ആദി തിരുവാതിര ഉത്സവത്തിലും പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കും.**
- **വിദ്യാർത്ഥികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ അടിയന്തര നടപടിക്ക് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി.**
- **'മൻ കീ ബാത്' പ്രതിമാസ റേഡിയോ പ്രഭാഷണത്തിൽ പ്രധാനമന്ത്രി ഇന്ന് ജനങ്ങളുമായി സംവദിക്കും.**
- **സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. കാസർഗോഡ് മുതൽ എറണാകുളം വരെ ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പ്.**
- **ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ പൊരുതുന്നു.**

## വാർത്തകൾ വിശദമായി

വിദേശ സന്ദർശനത്തിനിടെ ഒപ്പുവെച്ച ഇന്ത്യ-UK സ്വതന്ത്ര വ്യാപാര കരാർ, ലോകത്തിന് ഇന്ത്യയെക്കുറിച്ച് വർദ്ധിച്ചുവരുന്ന വിശ്വാസത്തിന്റെ പ്രതീകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ വർദ്ധിത ആത്മവിശ്വാസത്തിനും കരാർ തെളിവാണ്. വികസിത ഭാരതമെന്ന

ലക്ഷ്യത്തിന് ഈ ആത്മവിശ്വാസം കുതിപ്പ് നൽകുമെന്നും അദ്ദേഹം തൂത്തുകുടിയിൽ പറഞ്ഞു.

ഇന്ത്യയുടെ സാമ്പത്തിക മേഖലയെ സ്വതന്ത്ര വ്യാപാര കരാർ ശക്തിപ്പെടുത്തും. ലോകത്തെ മൂന്നാം സാമ്പത്തിക ശക്തിയാവുകയെന്ന നേട്ടത്തിലേക്ക് രാജ്യത്തിന്റെ മുന്നേറ്റത്തിന് ഇത് വേഗം പകരുമെന്നും പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ 11 വർഷങ്ങളിൽ അടിസ്ഥാന മേഖലാ വികസനവും സംശുദ്ധ ഊർജ്ജ പദ്ധതികളും രാജ്യ വികസനത്തിന്റെ നട്ടെല്ലായി മാറിക്കഴിഞ്ഞെന്നും അദ്ദേഹം വ്യക്തമാക്കി.

തൂത്തുകുടിയിലെത്തിയ പ്രധാനമന്ത്രി ഇന്നലെ 4,800 കോടിയിലേറെ രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിട്ടു. തൂത്തുകുടി വിമാനത്താവള വികസനവും, ഏതാനും റോഡ്-റെയിൽ അടിസ്ഥാന മേഖലാ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

ഇന്ന് അരിയലൂർ ജില്ലയിൽ ചോള ചക്രവർത്തി രാജേന്ദ്ര ചോളൻ ഒന്നാമന്റെ സഹസ്ര ജന്മവാർഷികത്തിലും ഗംഗൈകൊണ്ട ചോളപുരം ക്ഷേത്രത്തിൽ ആദി തിരുവാതിര ഉത്സവത്തിലും നരേന്ദ്രമോദി പങ്കെടുക്കും. രാജേന്ദ്ര ചോളൻ ഒന്നാമൻ അനുസ്മരണ നാണയവും അദ്ദേഹം പ്രകാശനം ചെയ്യും. ചോളരാജാവിന്റെ തെക്കു - കിഴക്ക് ഏഷ്യൻ കപ്പൽ യാത്രയുടെയും ചോളപുരം ക്ഷേത്രത്തിന്റെയും പാരമ്പര്യം ഓർമ്മിപ്പിക്കുന്ന പരിപാടിയാണ് സംഘടിപ്പിച്ചിരിക്കുന്നത്.

വാസ്തുവിദ്യയുടെ ചോള പാരമ്പര്യത്തിന്റെ പ്രതീകമായ ക്ഷേത്രം യുനസ്കോയുടെ പൈതൃകകേന്ദ്രങ്ങളിലൊന്നാണ്. തമിഴ്നാട്ടിലെ ശൈവ ഭക്തി പാരമ്പര്യത്തിന്റെ ഭാഗമാണ് ആദി തിരുവാതിര ഉത്സവം.

✪✪✪

വിദ്യാർത്ഥികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. ദേശീയ സുരക്ഷാ കോഡുകൾ അനുസരിച്ച് സ്കൂളുകളിലും അനുബന്ധ സ്ഥാപനങ്ങളിലും സുരക്ഷാ ഓഡിറ്റ് നിർബന്ധമാക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടു. ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും അടിയന്തര സാഹചര്യങ്ങളെ നേരിടാൻ പരിശീലനം നൽകണം. കൗൺസിലിംഗിലൂടെയും പിയർ നെറ്റ്‌വർക്കുകളിലൂടെയും മാനസിക-സാമൂഹിക പിന്തുണ നൽകണമെന്നും നിർദേശമുണ്ട്.

✪✪✪

ഭാരത ദർശനത്തിൽ ഊന്നിയ ബദൽവിദ്യാഭ്യാസത്തിന്റെ ആവശ്യകത RSS മേധാവി മോഹൻ ഭാഗവത് എടുത്തുപറഞ്ഞു. വികസിത ഭാരതത്തിന് ഇത് ആവശ്യമാണ്. കൊളോണിയൽ ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് രാജ്യത്തെ വിദ്യാഭ്യാസ സംവിധാനം രൂപപ്പെട്ടിരിക്കുന്നതെന്ന് എറണാകുളം വെളിയനാട്ടെ രാഷ്ട്രീയ ചിന്തൻ ബൈഠക്കിൽ അദ്ദേഹം പറഞ്ഞു. ശിക്ഷാ സൻസ്കൃതി ഉഡാൻ ന്യാസാണ് ബൈഠക്കിന്റെ സംഘാടകർ.

ഇന്ന് ഇടപ്പള്ളി അമൃത മെഡിക്കൽ കോളജിലെ ജ്ഞാനസഭയിൽ ഭാഗവത് പങ്കെടുക്കും. ഉച്ചകഴിഞ്ഞാണ് സഭ ആരംഭിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി 'മൻ കീ ബാത്" രാവിലെ 11ന് ആകാശവാണി- ദൂരദർശൻ ശൃംഖലകളിൽ തത്സമയം കേൾക്കാം. ഇതിനു പുറമെ AIR ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും, AIR NEWS, DD NEWS , പ്രധാനമന്ത്രിയുടെ ഓഫീസ്, I&B മന്ത്രാലയത്തിന്റെ ഓഫീസ് എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പരിപാടി കേൾക്കാം. മൻ കീ ബാതിന്റെ 124 -ാം പതിപ്പാണിത്. ആകാശവാണി പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശിക ഭാഷാ പരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. കേരളത്തിലും ലക്ഷദ്വീപിലും ഇന്ന് വ്യാപക മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ചിലയിടങ്ങളിൽ ഇടിയോട് കൂടിയ അതിശക്തമായ മഴയ്ക്കും സാധ്യതയുണ്ട്.

കാസർഗോഡ് മുതൽ എറണാകുളം വരെ ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 30 വരെ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നാണ് മുന്നറിയിപ്പ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......വോയ്സ്......

ഇന്നലെ ശക്തമായി പെയ്ത മഴയിൽ സംസ്ഥാനത്ത് പല ജില്ലകളിലും വ്യാപകമായ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തു. ചിലയിടങ്ങളിൽ താഴ്ന്ന സ്ഥലങ്ങളിൽ വെള്ളം കയറി. നിരവധി വീടുകളും തകർന്നു.

ശക്തമായ മഴയിലും കാറ്റിലും കോഴിക്കോട് താലൂക്കിൽ രണ്ടു വീടുകൾ പൂർണമായും ഏഴ് വീടുകൾ ഭാഗികമായും തകർന്നു. പുതിയങ്ങാടി വില്ലേജിൽ കടൽക്ഷോഭം രൂക്ഷമാണ്. പെരുമണ്ണ വില്ലേജിലെ പുളിക്കൽതാഴം വിരുപ്പിൽ കുനിപ്പുറത്ത് വീട്ടിലേക്ക് മണ്ണിടിഞ്ഞു വീണു.

വടകര താലൂക്കിലെ 22 വീടുകൾ ഭാഗികമായി തകർന്നു. വിലങ്ങാട് രണ്ടിടത്ത് വീടിന് മുകളിൽ മരം വീണു.

താമരശ്ശേരി കട്ടിപ്പാറ വില്ലേജിലെ മന്നാടി ഏറ്റുമലയിൽ മണ്ണിടിച്ചിലിനെ തുടർന്ന് 21 കുടുംബങ്ങളെ ബന്ധു വീടുകളിലേക്ക് മാറ്റി.

✪✪✪

കണ്ണൂർ ജില്ലയിലെ കനത്ത മഴയിൽ മിക്ക പുഴകളിലും ജലനിരപ്പ് ക്രമാതീതമായി ഉയർന്നു. ആറളത്ത് മലവെള്ള പാച്ചിലുണ്ടായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...

<VOICE>

വെള്ളപ്പൊക്കത്തെ തുടർന്ന് ആറളം പഞ്ചായത്തിലെ കീഴ്പള്ളി ഭാഗത്ത് നിന്ന് 12 കുടുംബങ്ങളെ ഇന്നലെ രാത്രി ആർ.ആർ.ടി.ഓഫീസിന് സമീപത്തെ അങ്കണ വാടിയിലേക്ക് മാറ്റി പാർപ്പിച്ചു. ആറ് കുടുംബങ്ങളെ ബന്ധു വീടുകളിലേക്കും മാറ്റി. കക്കുവ പുഴ, ബാവലി പുഴ എന്നിവിടങ്ങളിൽ ജലനിരപ്പുയർന്നു. പായം, വിളമന, കരിക്കോട്ടക്കരി, അയ്യങ്കുന്ന് വില്ലേജുകളിൽ ജനങ്ങൾ ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകി. ഇരിട്ടി കോളിത്തട്ടിൽ വീടിനുമുകളിൽ മരം വീണു വീട്ടുകാർ അൽഭുതകരാമായി രക്ഷപ്പെട്ടു. ജില്ലയിൽ കഴിഞ്ഞ രണ്ടു ദിവസത്തിനിടെ 65 ലേറെ വീടുകളാണ് തകർന്നത്. ഇതിൽ നാല് വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. പഴശ്ശി ഡാമിന്റെ ആകെയുള്ള 16 ഷട്ടറുകളിൽ 13 എണ്ണം മൂന്നു മീറ്റർ വീതവും ഒരെണ്ണംരണ്ടര മീറ്ററും ഉയത്തി. ഇതേ തുടർന്ന് വളപട്ടണം പുഴയിലെ ജലനിരപ്പുയർന്നു. വീശിയടിക്കുന്ന അതിശക്തമായ കാറ്റ് മലയോരത്തുൾപ്പെടെ വ്യാപകനാശം വരുത്തി. പലയിടങ്ങളിലും വൈദ്യുതി വിതരണം പുനസ്ഥാപിച്ചുവരുന്നതേയുള്ളു.

✪✪✪

കണ്ണൂർ ജില്ലയിൽ ക്വാറികളുടെ പ്രവർത്തനം ഇനി ഒരു അറിയിപ്പുണ്ടാകുന്നത് വരെ നിരോധിച്ചു. കനത്ത മഴ തുടരുന്നതിനാൽ ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രവേശനം നിരോധിച്ചതായും ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

കോഴിക്കോട് കക്കയം ഡാമിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഡാമിലെ ജലനിരപ്പ് 758.05 മീറ്ററിലെത്തിയാൽ ഡാമിന്റെ രണ്ടു ഷട്ടറുകളും ഒരടി വരെ ഉയർത്തി 52 മുതൽ 250 വരെ ഘന അടി ജലം സ്പിൽവേയിലൂടെ ഒഴുക്കിവിടും. തീരവാസികൾക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

പാലക്കാട് ജില്ലയിലും മഴക്കെടുതി രൂക്ഷമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...

.........വോയ്സ്........

പോത്തുണ്ടിയിൽ പുഴ കരകവിഞ്ഞ് ഒഴുകി ചാത്തമംഗലം റോഡിൽ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ടു. ചെമ്മന്തോട് കരകവിഞ്ഞ് വീടുകളിൽ വെള്ളം കയറിയതിനാൽ 8 കുടുംബങ്ങളിൽ നിന്ന് 20 പേരെയും ചാത്തമംഗലം ചപ്പാത്ത് സമീപത്തു നിന്ന്

5 വീടുകളിൽ നിന്നായി 16 പേരെയും ബന്ധു വീടുകളിലേക്ക് മാറ്റി പാർപ്പിച്ചു.നെല്ലിയമ്പതി ചുരം റോഡിൽ മണ്ണിടിച്ചിൽ ഭീഷണി ഉള്ളതിനാൽ വിനോദ സഞ്ചാരികൾക്ക് നിയന്ത്രണം ഏർപ്പെടുത്തി.

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി നിലവിൽ ജില്ലയിലെ ഏഴു ഡാമുകളുടെ ഷട്ടറുകൾ ഉയർത്തിയിട്ടുണ്ട്.മൂലത്തറ റെഗുലേറ്ററിന്റെ ഷട്ടറുകളും തുറന്നിട്ടുണ്ട്.

✪✪✪

പാലക്കാട് നെല്ലിയാമ്പതി മേഖലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ വിനോദ സഞ്ചാരികൾക്ക് നിയന്ത്രണം ഏർപ്പെടുത്തി.

റോഡിൽ ചില സ്ഥലങ്ങളിൽ മരങ്ങൾ കട പുഴകി വീഴുകയും മണ്ണിടിച്ചിൽ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിലാണ് നിയന്ത്രണം.

✪✪✪

ഇടുക്കിയിൽ അതി ശക്തമായ മഴയ്ക്കും കാറ്റിനും ഇന്നലെ വൈകിട്ടോടെ ശക്തി കുറഞ്ഞെങ്കിലും രാത്രിയിൽ ചിലയിങ്ങളിൽ മഴ തുടർന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

........വോയ്സ്......

കനത്ത മഴയിൽ ഇടുക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിലായി മണ്ണിടിഞ്ഞും മരം വീണും വ്യാപക നാശ നഷ്ടങ്ങളാണ് ഉണ്ടായത്. കാലവർഷ കെടുതിയിൽ ഇന്നലെ മാത്രം ഇടുക്കിയിൽ രണ്ട് പേർ മരിച്ചു. ഉടുമ്പൻചോലയിൽ മരം വീണ് തോട്ടം തൊഴിലാളിയായ തമിഴ്നാട് തേവാരം സ്വദേശി ലീലാവതിയാണ് മരിച്ചത്. ഇന്നലെ രാത്രി മൂന്നാറിൽ ലോറിക്ക് മുകളിൽ മണ്ണിടിഞ്ഞ് വീണ് ഡ്രൈവർ മരിച്ചു. മൂന്നാർ അന്തോണിയാർ കോളനി സ്വദേശി ഗണേശനാണ് മരണപ്പെട്ടത്. ദേവികുളം, തൊടുപുഴ, ഉടുമ്പൻചോല താലൂക്കിലെ ദേശീയ - സംസ്ഥാന പാതകളടക്കമുള്ള റോഡുകളിൽ മണ്ണിടിഞ്ഞും മരം വീണും ഗതാഗതം തടസപ്പെട്ടു. തോടുകളും പുഴകളും കര കവിഞ്ഞ് ഒഴുകിയതിനെ തുടർന്ന് പനംകൂട്ടി, തൊമ്മൻകുത്ത് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ മണിക്കൂറുകളോളം ഗതാഗതം നിലച്ചു. ശക്തമായ മഴ മുന്നറിയിപ്പിന്റെ സാഹചര്യത്തിൽ ജില്ലാ ഭരണകൂടം കർശന ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

മൂന്നാർ ഗ്യാപ് റോഡിൽ രണ്ട് ദിവസത്തേക്ക് രാത്രി യാത്രാ നിരോധനം ഏർപ്പെടുത്തി. പാതയുടെ ഇരുവശത്തും രാത്രിയും പകലും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും നിരോധനമുണ്ട്. ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് പൊൻമുടി, കല്ലാർകുട്ടി, മലങ്കര, ലോവർപെരിയാർ എന്നീ ഡാമുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുന്നത് തുടരുകയാണ്.

✪✪✪

സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും ഓരോ ഡിസ്പെൻസറിയെന്ന ലക്ഷ്യത്തിലേക്ക് കേരളം നീങ്ങുകയാണെന്ന് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് അറിയിച്ചു. കിഴുവിലം ഗ്രാമ പഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിടം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആരോഗ്യ മേഖലയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണിതെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു.

✪✪✪

വിഴിഞ്ഞം തുറമുഖത്തെ തൊഴിൽ പ്രശ്നങ്ങൾ പഠിക്കാൻ അഡീഷണൽ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി യതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. ഒരു മസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. തുറമുഖത്ത് ചുമട്ടു തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുന്നുവെന്ന ട്രേഡ് യൂണിയനുകളുടെ പരാതിയിലാണ് നടപടി. കസ്റ്റംസ് അധികാര പരിധിയിൽ ചുമട്ടു തൊഴിലാളികളുടെ ഇപ്പോഴത്തെ ജോലി തുടരാൻ നടപടിയെടുക്കണം എന്നതാണ് യൂണിയനുകളുടെ പ്രധാന അവശ്യം. ചുമട്ടു തൊഴിലാളികൾക്ക് അർഹമായ തൊഴിൽ നൽകുമെന്ന് പോർട്ട് അധികൃതർ യോഗത്തിൽ അറിയിച്ചു.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിന്റെ അവസാന ദിവസമായ ഇന്ന് മാഞ്ചസ്റ്ററിൽ രണ്ടിന് 174 റൺസെന്ന നിലയിൽ ഇന്ത്യ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ശുഭ്മാൻഗില്ലും KL രാഹുലുമാണ് ക്രീസിൽ. ഇന്നലെ ആദ്യ ഇന്നിംഗ്സിൽ ഇംഗ്ലണ്ട് 669 റൺസെടുത്തു. ഇതോടെ, അവർ 331 റൺസ് ലീഡ് സ്വന്തമാക്കി. അഞ്ച് ടെസ്റ്റ് പരമ്പരയിൽ രണ്ട് വിജയവുമായി ഇംഗ്ലണ്ട് മുന്നിട്ടു നിൽക്കുകയാണ്.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ്സിന്റെ ആദ്യ ഫൈനലിൽ കൊനേരു ഹംപി - ദിവ്യാ ദേശ്മുഖ് മത്സരം സമനിലയിൽ പിരിഞ്ഞു. ജോർജ്ജിയയിലെ ബെറ്റുമിയിൽ ഇരു താരങ്ങളും അരപോയിന്റ് വീതം പങ്കുവെച്ചു. രണ്ടാം ഫൈനൽ ഇന്ന് നടത്തും. ഫൈനലിലെത്തിയ രണ്ട് താരങ്ങൾക്കും അടുത്ത വർഷത്തെ ഫിഡെ വനിതാ കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ പങ്കെടുക്കാം. വിജയിക്ക് ലോക ചാമ്പ്യൻ ജൂ വെൻജുൻ- നെ നേരിട്ട് ചാമ്പ്യൻഷിപ്പ് നേടാൻ അവസരമുണ്ട്.

✪✪✪

അന്താരാഷ്ട്ര കയാക്കിംഗ് ഫെസ്റ്റിന്റെ രണ്ടാം ദിവസമായ ഇന്നലെ പ്രൊഫഷണൽ എക്സ്ട്രീം സ്ലാലോം മത്സരത്തിൽ പുരുഷ വിഭാഗത്തിൽ ചിലിയിലെ കിലിയൻ ഐവെലിക്കും വനിതാ വിഭാഗത്തിൽ ന്യൂസിലാൻഡിന്റെ ഡേയ്ല വാർഡും ഒന്നാം സ്ഥാനം നേടി.

ഇന്ന് പുല്ലൂരാംപാറയിലെ ഇരുവഴിഞ്ഞി പുഴയിൽ ഡൗൺറിവർ മത്സരം നടത്തും. റാപ്പിഡ് രാജ, റാപ്പിഡ് റാണി എന്നിവരെ കണ്ടെത്തുന്ന മത്സരമാണിത്.

✪✪✪

അവശ്യസാധനങ്ങളുടെ വിലക്കയറ്റം പണപ്പെരുപ്പം എന്നിവയ്ക്കെതിരെ മഹിളാമോർച്ച നാളെ സെക്രട്ടറിയേറ്റിനു മുന്നിൽ കഞ്ഞി വെച്ച് പ്രതിഷേധിക്കുമെന്ന് മഹിളാമോർച്ച സംസ്ഥാന പ്രസിഡന്റ് നവ്യ ഹരിദാസ് പറഞ്ഞു. സംഘടനാ തലത്തിൽ 30 കേന്ദ്രങ്ങളിലും രാവിലെ 11ന് പ്രതിഷേധം സംഘടിപ്പിക്കുമെന്ന് അവർ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

തിരുവനന്തപുരം DCC പ്രസിഡന്റ് പാലോട് രവിയുടെ രാജി സ്വീകരിച്ചതായി KPCC പ്രസിഡന്റ് സണ്ണി ജോസഫ് അറിയിച്ചു. സംഘടനാ വിരുദ്ധ പ്രവർത്തനം നടത്തിയെന്ന് പ്രഥമദൃഷ്ടിയാൽ ബോധ്യപ്പെട്ടതിനാൽ വാമനപുരം ബ്ലോക്ക് ജനറൽ സെക്രട്ടറി A.ജലീലിനെയും പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്ന് പുറത്താക്കിയതായി സണ്ണി ജോസഫ് അറിയിച്ചു.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ്, ശ്രിജി*
*DEO: സി കെ സുബോധ്*